ഉത്തരം

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ 1,22,40,713 രൂപ (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി നാൽപ്പതിനായിരത്തി എഴുന്നൂറ്റിപ്പതിമൂന്ന് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ബി) രാജാരവിവർമ്മ സ്മാരകത്തിന്റെ ഭാഗമായി രവിവർമ്മയുടെ ഛായാ ശിൽപ നിർമ്മാണം നടന്നുവരുന്നു. ഓപ്പൺ എയർ തിയേറ്ററിന്റെ റൂഫിങ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

മഹാകവി പി. കുഞ്ഞിരാമൻ നായരുടെ സ്മാരകം

71 (1445) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി പി. കുഞ്ഞിരാമൻ നായരുടെ സ്മരണയ്ക്കായി ഈ സർക്കാർ ഓരോ വർഷവും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പി. യുടെ ജന്മനാടായ കാഞ്ഞങ്ങാട്ടെ സ്മാരകത്തിന്റെ വികസനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്കായി ഫണ്ട് നീക്കിവെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സർക്കാർ തലത്തിൽ മഹാകവി പി. കുഞ്ഞിരാമൻ നായരുടെ അനുസ്മരണം സംഘടിപ്പിച്ചിട്ടില്ല.

(ബി&സി) ഇല്ല.

പന്തൽ, ടെന്റ്, ലൈറ്റ് & സൗണ്ട് തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം

72 (1446) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പന്തൽ, ടെന്റ്, ലൈറ്റ് & സൗണ്ട് എന്നീ മേഖലകളിലെ തൊഴിലാളികളെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇവർക്ക് ക്ഷേമനിധി അംഗത്വം ലഭ്യമാക്കി ഉത്തരവായിട്ടുണ്ടോ; ഇതിനായി എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് ക്ഷേമനിധി അംഗത്വം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലെ കലാ സാംസ്കാരിക പ്രവർത്തകൻ എന്ന നിർവ്വചനത്തിൽ പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് എന്നിവയും ഉൾപ്പെടുന്നു. അതിനാൽ അവർക്ക് ക്ഷേമനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കാവുന്നതാണ്.

(ബി) പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് എന്നീ മേഖലയിൽനിന്നും 128 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ അംഗത്വം നൽകിയിട്ടില്ല.

(സി) ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനായി, അപേക്ഷകർ കലാസാംസ്കാരിക പ്രവർത്തക രംഗത്തുള്ളവരാണെന്നുള്ളതിന് ആക്ട് നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അക്കാദമികളോ അല്ലെങ്കിൽ കലാപ്രവർത്തനം നടത്തുന്ന ട്രേഡ് ബോഡികളോ ശിപാർശ ചെയ്യേണ്ടതുണ്ട്. പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് മേഖലയിൽ നിന്നുള്ള അപേക്ഷകളിന്മേൽ ഇത്തരം ശിപാർശ ലഭിക്കാത്തതിനാൽ അംഗത്വം നൽകുന്ന കാര്യം പരിഗണിക്കാനായിട്ടില്ല.

ശില്പൈതുക ഗ്രാമം പദ്ധതി

73 (1447) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള പടനിലം നന്ദികേശ ശില്പൈതുക ഗ്രാമം പദ്ധതി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകിയതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി 2016 ഫെബ്രുവരിയിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly